നീതി, അഭിമാനം, വിശ്വാസ സ്വാതന്ത്ര്യം, ആരോഗ്യം, വിവരാവകാശം, നിയമപരമായ തുല്യത, വംശീയ സമത്വം, സ്ത്രീ സമത്വം, രാഷ്ട്രീയ സ്വാതന്ത്ര്യം തുടങ്ങി അസംഖ്യം മേഖലകളിൽ നീതി പ്രസംഗിക്കുകയും അനീതിയനുഷ്ഠിക്കുകയും ചെയ്ത സ്ഥാപനമായിരുന്നു ആധുനിക സ്റ്റേറ്റ് എന്നു കാണാം. മധ്യകാലാനന്തരം കാരിരുമ്പും ചാട്ടവാറും ഉപയോഗിച്ചാണ് പാശ്ചാത്യ രാഷ്ട്രങ്ങൾ കോളനിവാഴ്ച നിലനിർത്തിയതെങ്കിൽ 'പ്രബുദ്ധ'മായ ഇരുപതാം നൂറ്റാണ്ടിൽ മാധ്യമങ്ങളിലൂടെയും വിദ്യാഭ്യാസ വ്യവസ്ഥയിലൂടെയും ജനങ്ങളുടെ ചിന്താഗതി നിയന്ത്രിച്ചുകൊണ്ടാണ് ഇതു സാധിച്ചതെന്ന വ്യത്യാസമുണ്ട് എന്നു മാത്രം (വിശദാംശങ്ങൾക്ക് നോം ചോംസ്കിയുടെ Necessary Illusions: Thought Control in Democratic Societies നോക്കാം).

ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ 'നവലോക ക്രമ'ത്തെപ്പറ്റി അമേരിക്കൻ പ്രസിഡന്റ് ബുഷ് സംസാരിച്ചുവെങ്കിലും അതൊരു പഴയ സങ്കൽപമായിരുന്നു. അര നൂറ്റാണ്ടെങ്കിലും മുമ്പ് അമേരിക്കൻ നയതന്ത്രജ്ഞർ തന്നെ ഉപയോഗിച്ചതാണിത്. കോളനിവാഴ്ചാ കാഴ്ചപ്പാടിൽ കെട്ടിപ്പടുക്കപ്പെട്ട ആധുനിക ലോകക്രമത്തിന്റെ അവസാനത്തെ പ്രയോക്താക്കളായി ബുഷിനെയും ഒബാമയെയും കണക്കാക്കാം. പാശ്ചാത്യ ആധിപത്യത്തിലുള്ള ഈ അക്രമവ്യവസ്ഥയിൽ നിന്നും ക്രമാനുഗതമായി മറ്റൊരു ലോകക്രമത്തിലേക്ക് നീങ്ങാൻ തുടങ്ങിയിട്ടുണ്ട്. കോളനിവാഴ്ചയുടെയും നവകോളനിവാഴ്ചയുടെയും സൈദ്ധാന്തിക അടിത്തറയായ നവ ഉദാരവത്കരണവാദത്തെ(Neoliberalism) ചോദ്യം ചെയ്തുകൊണ്ട് ഐ.എം.എഫിന്റെ മേധാവിയായിരുന്ന ജോസഫ് സ്റ്റിഗ്ലിറ്റ്സ് പോലും സംസാരിക്കാൻ തുടങ്ങിയ കാലമാണിത്. പാശ്ചാത്യ മാതൃകയിലുള്ള വികസനത്തിലൂടെ ക്രമേണയാണെങ്കിലും അഭിവൃദ്ധി ജനങ്ങളിലെത്തുമെന്ന സങ്കൽപം, പരശുരാമൻ മഴുവെറിഞ്ഞാണ് കേരളം ഉണ്ടായതെന്ന ഐതിഹ്യം പോലുള്ള ഒന്നാണെന്ന് തിരിച്ചറിയപ്പെടുന്നുണ്ട്. പാശ്ചാത്യ ധനശാസ്ത്രജ്ഞർ ഇതുവരെയും സാമ്പത്തിക വളർച്ച അളക്കാനുപയോഗിച്ച സമീപനത്തിന്റെയും രീതിയുടെയും വിശ്വാസ്യത പോലും ചോദ്യം ചെയ്യപ്പെട്ടിരിക്കുന്നു.

രാഷ്ട്രാന്തരീയ ഗതിയെ സൂക്ഷ്മമായി വിലയിരുത്തുന്ന രാഷ്ട്രതന്ത്ര വിദഗ്ധർ 'സ്റ്റേറ്റിന്റെ അന്ത്യം' (End of the State) എന്ന സങ്കൽപത്തെപ്പറ്റി ചർച്ച ചെയ്യുന്നു. ഇതു സംബന്ധമായ പഠനങ്ങളും പുറത്തുവരുന്നുണ്ട്. ■